No. CEE/1999/MDS-2021/TA4


കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം-695001


## <u>പത്രക്കുറിപ്പ്</u>

# <u>പി.ജി ദന്തൽ കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ്</u>

## <u>ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ സൗകര്യം ലഭ്യമാക്കി</u>

2021 ലെ ബിരുദാനന്തര ബിരുദ ദന്തൽ കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് നടപടിക്രമങ്ങൾ 22.10.2021 ന് ആരംഭിച്ചു. ഇതിലേയ്ക്കായി 22.10.2021 മുതൽ 25.10.2021 വൈകിട്ട് 3.00 മണി വരെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ വിദ്യാർത്ഥികൾക്ക് ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ/പുന:ക്രമീകരണം/റദ്ദാക്കൽ എന്നിവയ്ക്കുള്ള സൗകര്യം ലഭ്യമാകുന്നതാണ്.

ആൾ ഇന്ത്യാ ക്വാട്ടയിൽ നിന്നും സംസ്ഥാന ക്വാട്ടയിലേയ്ക്ക് മടക്കി നൽകിയ സീറ്റുകൾ, സർക്കാർ ദന്തൽ കോളേജുകളിലെ ഒഴിവുള്ള സീറ്റുകൾ, സ്വാശ്രയ ദന്തൽ കോളേജുകളിലെ ഒഴിവുള്ള സീറ്റുകൾ എന്നിവയിലേയ്ക്ക് ഈ ഘട്ടത്തിൽ അലോട്ട്മെന്റ് നടത്തുന്നതാണ്. ഈ ഘട്ടത്തിൽ സർക്കാർ ദന്തൽ കോളേജുകളിലെ സർവ്വീസ് ക്വാട്ട സീറ്റുകളിലേക്കും സ്വാശ്രയ ദന്തൽ കോളേജുകളിലെ എൻ.ആർ.ഐ, മൈനോറിറ്റി ക്വാട്ടാ സീറ്റിലേയ്ക്കും അലോട്ട്മെന്റ് നടത്തുന്നതാണ്.

രണ്ടാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമായും നടത്തേണ്ടതാണ്. ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവരെ യാതൊരു കാരണവശാലും രണ്ടാം ഘട്ട അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല. കൂടാതെ അവരുടെ നിലവിലുള്ള ഓപ്ഷനുകൾ റദ്ദാകുന്നതുമാണ്.

ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷന് പാലിക്കേണ്ട നിബന്ധനകൾ, കോളേജുകൾ, ഫീസ് എന്നിവ സംബന്ധിക്കുന്ന വിശദവിവരം www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഓൺലൈൻ ഓപ്ഷൻ സമർപ്പണം സംബന്ധിച്ച വിജ്ഞാപനം നിർബന്ധമായും വായിച്ചിരിക്കേണ്ടതാണ്.

**ഹെൽപ്പ്ലൈൻ നമ്പർ: 0471 2525300**

**പ്രവേശന പരീക്ഷാ കമ്മീഷണർക്ക് വേണ്ടി**

തിരുവനന്തപുരം
22.10.2021